**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2877** **12-07-2022 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ തവനൂർ, കാലടി, എടപ്പാൾ, വട്ടംകുളം പഞ്ചായത്തുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജലജീവൻ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ഇനി പൂർത്തിയാകാനുള്ളതെന്നും വിശദമാക്കാമോ? | (എ) | തവനൂർ മണ്ഡലത്തിലെ തവനൂർ, കാലടി, എടപ്പാൾ, വട്ടംകുളംഎന്നീ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br><u>തവനൂർ പഞ്ചായത്ത്</u><br><br>തവനൂർ പഞ്ചായത്തിൽ ഒന്നാം ഘട്ട പ്രവർത്തി പൂർത്തീകരിച്ചു. ഈ പ്രവർത്തിയിൽ, 1900 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 191 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 63500 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 55545 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.<br>**<u>കാലടി പഞ്ചായത്ത്.</u>**<br><br>കാലടി പഞ്ചായത്തിൽ ഒന്നാം ഘട്ട പ്രവർത്തി പൂർത്തീകരിച്ചു. ഈ പ്രവർത്തിയിൽ, 1600 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 197 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 40000 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 32982 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.<br><br>**<u>എടപ്പാൾ പഞ്ചായത്ത്</u>**<br><br>എടപ്പാൾ പഞ്ചായത്തിൽ ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ, 1500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 124 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 45000 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 30902 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പുരോഗിച്ചുകൊണ്ടിരിക്കുന്നു.<br>**<u>വട്ടംകുളം പഞ്ചായത്ത്</u>**<br><br>വട്ടംകുളം പഞ്ചായത്തിൽ ഒന്നാം ഘട്ട പ്രവർത്തി പൂർത്തീകരിച്ചു. ഈ പ്രവർത്തിയിൽ, 1900 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 201 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 74000 മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 57335 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.<br><br>ഈ നാല് പഞ്ചായത്തുകളിലെയും ഗ്രാവിറ്റി മെയിൻ, ഡിസ്ട്രിബ്യൂഷൻ, ജലസംഭരണി എന്നിവക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നല്കിയ കണക്ഷനുകളുടെ എണ്ണം (29.06.2022 വരെ) |
|---|---|---|---|---|---|
| 1 | എടപ്പാൾ | 8349 | 6591 | 5423.00 | 1188 |
| 2 | കാലടി | 7226 | 5654 | 4446.00 | 2863 |
| 3 | തവനൂർ | 11633 | 9993 | 5537.00 | 4369 |
| 4 | വട്ടംകുളം | 7762 | 6463 | 4537.00 | 1562 |
| **ആകെ** | | **34970** | **28701** | **19943** | **9982** |